# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2411 — 08.03.2017 ലെ മറുപടിയ്ക്ക്

## കാസർഗോഡ് സബ് ട്രഷറി

**ചോദ്യം** — **ഉത്തരം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് സബ് ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയാണ്; | | കാസർഗോഡ് സബ് ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നത് കാസർഗോഡ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിനുള്ളിലാണ്. |
| (ബി) | പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം സ്വന്തമാണോ വാടക കെട്ടിടം ആണോ; | | കാസർഗോഡ് സബ് ട്രഷറി ഇപ്പോൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്. |
| (സി) | വാടക കെട്ടിടം ആണെങ്കിൽ എത്രയാണ് വാടക; സ്വന്തം കെട്ടിടമാണെങ്കിൽ എപ്പോഴാണ് ഈ കെട്ടിടം നിർമ്മിച്ചത്; | | കെട്ടിടം നിർമ്മിച്ചിരിക്കുന്നത് 1970-ലാണ് |
| (ഡി) | ഈ കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥയും സബ് ട്രഷറി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | | കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥയും സബ് ട്രഷറി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | കാസർഗോഡ് സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം പണിയാൻ ആലോചനയുണ്ടോ എങ്കിൽ അതു സംബന്ധിച്ച് സ്വീകരിക്കാൻ പോകുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ? | | കാസർഗോഡ് സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കെട്ടിടത്തിൽ നിന്നും മറ്റൊരു വാടക കെട്ടിടത്തിലേക്ക് ട്രഷറി പ്രവർത്തനം മാറ്റിയ ശേഷം ഇപ്പോഴത്തെ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ